REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്.**
- **തീവ്ര വോട്ടർപട്ടിക പരിഷ്കരണം പുരോഗമിക്കുന്ന സംസ്ഥാനങ്ങളിൽ പട്ടിക, ബൂത്ത് തല ഏജന്റുമാർക്ക് കൈമാറണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ.**
- **ദുരന്ത മുന്നറിയിപ്പുകളും ക്ഷേമപദ്ധതികളും എല്ലാവരിലും എത്തിക്കാൻ ആകാശവാണിയും ദൂരദർശനും വഴി ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ഡോ. L മുരുഗൻ.**
- **കൊല്ലം അഞ്ചലിൽ ശബരിമല തീർത്ഥാടകരുടെ ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് മൂന്ന് പേർ മരിച്ചു.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് ന്യൂചണ്ഡിഗഢിൽ.**

## വാർത്തകൾ വിശദമായി

തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ ഏഴ് ജില്ലകൾ അല്പസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ ജനവിധി രേഖപ്പെടുത്തുന്നത്. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറുവരെയാണ് വോട്ടെടുപ്പ്. ഈ ഘട്ടത്തിൽ ഒരു കോടി 53 ലക്ഷത്തി 37,116 വോട്ടർമാരും 38,994 സ്ഥാനാർത്ഥികളുമുണ്ട്. ചൊവ്വാഴ്ച ആദ്യഘട്ടത്തിൽ തിരുവനന്തപുരം

മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിൽ നടത്തിയ വോട്ടെടുപ്പിൽ 70.91 ശതമാനമായിരുന്നു പോളിംഗ്.

തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

........വോയ്സ്.........

മൂന്നു കോർപറേഷനുകൾ, 47 മുനിസിപ്പാലിറ്റികൾ, ഏഴു ജില്ലാ പഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്തുകൾ, 470 ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കുള്ള വോട്ടെടുപ്പാണ് അൽപ സമയത്തിനകം ആരംഭിക്കുക. ആദ്യഘട്ടത്തിൽ വോട്ടിങ് മിഷ്യൻ തകരാറിനെ തുടർന്ന് റദ്ദാക്കിയ ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഒന്നാം ബൂത്തിലെ വോട്ടെടുപ്പും ഇന്നു നടക്കും.

അതിനിടെ ഇന്നു വോട്ടെടുപ്പു നടക്കുന്ന 2055 പ്രശ്ന ബാധിത ബൂത്തുകളിൽ അതീവ സുരക്ഷയും വെബ് കാസ്റ്റിങ്ങും ഏർപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വൃത്തങ്ങൾ തിരുവനന്തപുരത്ത് അറിയിച്ചു. ഇവിടങ്ങളിലെ വോട്ടെടുപ്പു പ്രക്രിയ കമ്മീഷന്റെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും.

✪✪✪

18,274 പോളിംഗ് സ്റ്റേഷനുകൾ രണ്ടാം ഘട്ട വോട്ടെടുപ്പിന് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 2055 എണ്ണം പ്രശ്ന ബാധിത ബൂത്തുകളായി റിപ്പോർട്ട് ചെയ്തവയാണ്. കണ്ണൂരിലാണ് ഏറ്റവും കൂടുതൽ പ്രശ്ന ബാധിത ബൂത്തുകൾ - 1025. മലപ്പുറത്ത് 295, പാലക്കാട് 180, വയനാട് 189, കോഴിക്കോട് 166, കാസർകോട് 119 എന്നിങ്ങനെയാണ് മറ്റ് ജില്ലകളിലെ എണ്ണം. ഇത്തരം ബൂത്തുകളിൽ അതീവ സുരക്ഷാ ക്രമീകരണങ്ങളും വെബ്കാസ്റ്റിംഗും ഒരുക്കിയിട്ടുണ്ട്. അധിക പൊലിസ് സുരക്ഷയും ബൂത്തുകളിൽ ലഭ്യമാക്കി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നേരിട്ട് വോട്ടെടുപ്പ് പ്രക്രിയ നിരീക്ഷിക്കും. ജില്ലാ കളക്ട്രേറ്റുകളിലെ കൺട്രോൾ റൂമുകളിൽ വെബ് കാസ്റ്റിംഗിലൂടെ ലഭിക്കുന്ന വിവരങ്ങൾ അവലോകനം ചെയ്യും. ബൂത്തുകളിൽ അസാധാരണ നടപടികൾ ഉണ്ടായാൽ കമ്മീഷൻ അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കും.

✪✪✪

കണ്ണൂർ ജില്ലയിൽ 92 തദ്ദേശസ്ഥാപനങ്ങളിലെ 2305 പോളിംഗ് ബൂത്തുകളിലാണ് വോട്ടെടുപ്പ്.

KO.ശശിധരൻ...

.........വോയ്സ്........

ജില്ലയിലെ ബൂത്തുകളിൽ രാവിലെ ആറുമണിക്ക് തന്നെ മോക്പോൾ ആരംഭിച്ചു.മെഷീനുകളുടെ പ്രവർത്തനക്ഷമതയും കൃത്യതയും പരിശോധിച്ച് ഉറപ്പിക്കുന്നതിനായി പ്രിസൈഡിംഗ് ഓഫീസറുടെ നേതൃത്വത്തിൽ ആണ് മോളിംഗ് നടക്കുന്നത്.

5472 സ്ഥാനാർഥികളാണ് ജില്ലയിൽ ഇന്ന് (11) ജനവിധി തേടുന്നത്. 20,92,681 വോട്ടർമാരാണ് ജില്ലയിലുള്ളത്. 14 പേർ ഇതിനകം എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ആന്തൂർ നഗരസഭയിൽ അഞ്ചുപേരും മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ മൂന്നുപേരും കണ്ണപുരം ഗ്രാമപഞ്ചായത്തിൽ ആറു പേരുംആണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്. മുഖ്യമന്ത്രി പിണറായി വിജയൻ, കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ്, ബിജെപി ദേശീയ ഉപാധ്യക്ഷൻ എപി അബ്ദുള്ളക്കുട്ടി, മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി എ കെ ശശീന്ദ്രൻ തുടങ്ങി പ്രമുഖ കണ്ണൂർ ജില്ലയിലെ വിവിധ ബൂത്തുകളിൽ വോട്ട് ചെയ്യും.

പ്രശ്നസാധ്യതയുള്ള 1025 ബൂത്തുകളാണ് ജില്ലയിൽ കണ്ടെത്തിയിട്ടുള്ളത്. ഈ ബൂത്തുകൾ വെബ് കാസ്റ്റിംഗ് ചെയ്യും.

✪✪✪

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്...

.......വോയ്സ്.....

കൃത്യം ഏഴുമണിക്ക് തന്നെ വോട്ടെടുപ്പ് ആരംഭിക്കാനുള്ള ഒരുക്കങ്ങൾ ജില്ലയിലെ എല്ലാ ബൂത്തുകളിലും പൂർത്തിയായിട്ടുണ്ട്, ഗ്രാമ പ്രദേശങ്ങളിൽ വോട്ടർമാർ ബൂത്തുകളിലേക്ക് എത്തിത്തുടങ്ങി. 88 പഞ്ചായത്തുകളിലെ 1590 വാർഡുകളിലും 7 നഗരസഭകളിലെ 249 വാർഡുകളിലും 13 ബ്ലോക്ക് പഞ്ചായത്തുകളിലെ 183 ഡിവിഷനുകളിലും ജില്ലാ പഞ്ചായത്തിലെ 31 ഡിവിഷനുകളിലുമാണ് വോട്ടെടുപ്പ് നടക്കുന്നത്.6724 സ്ഥാനാർഥികൾ ജില്ലയിൽ മത്സരിക്കുന്നുണ്ട്.വോട്ടെടുപ്പിനായി പഞ്ചായത്തുകളിൽ 2749 ഉം നഗരസഭകളിൽ 305 ഉം പോളിങ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. 284 ബൂത്തുകളാണ് പ്രശ്ന ബാധിത ബൂത്തുകളാണ്.180 എണ്ണത്തിൽ വെബ്കാസ്റ്റിങ് ഏർപ്പെടുത്തിയിട്ടുണ്ട്. 4500 പൊലീസ് ഉദ്യോഗസ്ഥരെയും 140 പേർ അടങ്ങുന്ന ഒരു കമ്പനി കേന്ദ്ര സേനയും ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാർ പ്രായമായവർ , രോഗബാധിതർ തുടങ്ങിയവർക്ക് ബൂത്തുകളിൽ വോട്ട് ചെയ്യാൻ പ്രതേക പരിഗണ നൽകുമെന്ന് തെരഞ്ഞെടുപ്പ് വിഭാഗം അറിയിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട്ടെ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളെപറ്റി നസീർബാബു.....

.......വോയ്സ്.....

✪✪✪

വയനാട് മുണ്ടക്കൈ-ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് വോട്ടെടുപ്പ് ദിവസമായ ഇന്ന് ചൂരൽമലയിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാഭരണകൂടം 430 കുടുംബങ്ങൾക്കാണ് ഇതിനായി KSRTC ബസുകൾ ഏർപ്പെടുത്തിയത്.

✪✪✪

മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിൽ സ്ഥാനാർത്ഥി മരിച്ചതിനെ തുടർന്ന് വോട്ടെടുപ്പ് മാറ്റി.

കാസർകോട് ജില്ലയിലെ മംഗൾപാടി, മടിക്കൈ ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡുകളിൽ സ്ഥാനാർത്ഥികളെ എതിരില്ലാതെ തെരഞ്ഞെടുത്തതിനാൽ ആ വാർഡിലേക്ക് വോട്ടെടുപ്പ് ഉണ്ടാകില്ല. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാനങ്ങളിലേക്ക് വോട്ടെടുപ്പ് നടത്തും.

✪✪✪

പാലക്കാട് തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസ് സംഘം സഞ്ചരിച്ച വാഹനം അപകടത്തിൽപെട്ട് അഞ്ച് പേർക്ക് പരിക്കേറ്റു. പാലക്കാട് - കോഴിക്കോട് ദേശീയപാതയിലെ നാട്ടുകൽ പോസ്റ്റ് ഓഫീസിന് സമീപം ടെമ്പോയുമായി പൊലീസ് വാഹനം കൂട്ടിയിടി ക്കുകയായിരുന്നു. പരിക്കേറ്റവരെ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നത് മൊബൈലിൽ ചിത്രീകരിച്ച് ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച കായ്പാട് സ്വദേശിയായ വോട്ടർക്കെതിരെ നെടുമങ്ങാട് പോലീസ് കേസെടുത്തു. ഭാരതീയ ന്യായസംഹിതയിലെ 192-ാം വകുപ്പും, ജനപ്രാതിനിധ്യനിയമത്തിലെ 128, 132 വകുപ്പുകളും പ്രകാരമാണ് കേസ്.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണം പുരോഗമിക്കുന്ന 12 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബൂത്ത് തല ഏജന്റുമാർക്ക് പട്ടിക കൈമാറുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു. മുഖ്യ ഇലക്ടറൽ ഓഫീസർമാർക്കാണ് ഇതു സംബന്ധിച്ച

നിർദ്ദേശം നൽകിയത്. പട്ടികയിൽ ഇരട്ടിപ്പായി പേര് ചേർത്തവർ, സ്ഥലത്തില്ലാത്തവർ, മറ്റിടങ്ങളിലേക്ക് പോയവർ, മരിച്ചവർ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ BLA മാർക്കും രാഷ്ട്രീയപാർട്ടികൾക്കും നൽകണമെന്നാണ് നിർദേശം. ബീഹാറിൽ ഈ മാതൃകയാണ് നടപ്പാക്കിയത്. മൂന്നോ നാലോ തവണ ശ്രമിച്ചിട്ടും കണ്ടെത്താൻ കഴിയാത്തവരുടെ പേരുവിവരങ്ങളും കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് BLO മാർ വഴി കൈമാറണം. കരട് പട്ടിക പ്രസിദ്ധീകരിച്ച ശേഷം ചീഫ് ഇലക്ടറൽ ഓഫീസർമാരുടേയും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരുടേയും വെബ്സൈറ്റുകളിൽ ഈ വിവരങ്ങളും അപ്‌ലോഡ് ചെയ്യണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

ദുരന്ത മുന്നറിയിപ്പുകളും ക്ഷേമപദ്ധതികളും രാജ്യത്തെ അവസാന പൗരനിലും എത്തിക്കുന്നതിന് ആകാശവാണിയും ദൂരദർശനും വഴി ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി ഡോ. L മുരുഗൻ അറിയിച്ചു. ക്ഷേമ പദ്ധതികളും പൊതു ഉപദേശങ്ങളും ദുരന്ത വിവരങ്ങളും വിദൂര ഗ്രാമങ്ങളിലും അതിർത്തി പ്രദേശങ്ങളിലും എത്തിക്കേണ്ടതിന്റെ പ്രാധാന്യം കേന്ദ്ര ഗവണ്മെന്റ് അംഗീകരിക്കുന്നതായും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

✪✪✪

ഇന്നലെ വൈകിട്ട് 6 വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 74 ലക്ഷത്തി 71,000ത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 98.64 ശതമാനമാണിത്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 23 ലക്ഷത്തി 42,000 കവിഞ്ഞു. ഫോമുകൾ മടക്കി നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO മാരെ ഏല്പിക്കണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

കൊല്ലം അഞ്ചലിൽ ശബരിമല തീർത്ഥാടകരുടെ ബസും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് മുന്ന് പേർ മരിച്ചു. ഓട്ടോ ഡ്രൈവറും ഓട്ടോയിൽ സഞ്ചരിച്ച രണ്ട് യുവതികളുമാണ് മരിച്ചത്. അഞ്ചൽ തഴമേൽ സ്വദേശി അക്ഷയ്, ജ്യോതി , കരവാളൂർ സ്വദേശി ശ്രുതി എന്നിവരാണ് മരിച്ചത്. അഞ്ചലിൽ നിന്നും കരാവാളൂരിലേക്ക് പോവുകയായിരുന്ന ഓട്ടോ ആന്ധ്ര സ്വദേശികൾ സഞ്ചരിച്ച ബസുമായാണ് കൂട്ടിയിടിച്ചത്. പുലർച്ചെയായിരുന്നു അപകടം.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വൈകിട്ട് ഏഴിന് ന്യൂചണ്ഡിഗഢിലെ മുലൻപൂർ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. സൂര്യകുമാർ യാദവ് നേതൃത്വം നൽകുന്ന ടീം ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ ഒന്ന് ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്. മൂന്നാം മത്സരം ധർമ്മശാലയിലും നാലാം മത്സരം ലഖ്നൗവിലും അവസാന മത്സരം അഹമ്മദാബാദിലുമാണ്.

✪✪✪

FIH പുരുഷ ജൂനിയർ ഹോക്കി ലോകകപ്പിൽ ജർമനിക്ക് എട്ടാം കിരീടം. ചെന്നൈയിലെ മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ജർമനി സ്പെയിനിനെ ഷൂട്ടൗട്ടിൽ 3-2 ന് തോൽപ്പിച്ചാണ് കിരീടം നിലനിർത്തിയത്. ഇന്നലെ മറ്റൊരു മത്സരത്തിൽ  അർജന്റീനയെ 4-2 ന് തോൽപ്പിച്ച് ആതിഥേയരായ ഇന്ത്യ വെങ്കലം നേടി.

✪✪✪

സൂപ്പർ ലീഗ് കേരള സീസൺ രണ്ടിലെ സെമി ഫൈനൽ മത്സരങ്ങൾ പുനഃക്രമീകരിച്ചു. ആദ്യ സെമി ഈ മാസം 14ന് കോഴിക്കോട്ട് EMS സ്റ്റേഡിയത്തിലായിരിക്കും. വൈകിട്ട് ഏഴരയ്ക്ക് കാലിക്കറ്റ് FC കണ്ണൂർ വാരിയേഴ്സിനെ നേരിടും. രണ്ടാം സെമി ഡിസംബർ 15നാണ്. തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ  തൃശ്ശൂർ  മാജിക് FC- മലപ്പുറം FCയെ വൈകിട്ട് ഏഴരയ്ക്ക് നേരിടും. ഫൈനൽ മത്സരത്തിന്റെ തിയതി പിന്നീട് അറിയിക്കും.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരി തെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറിനാണ് ഉദ്ഘാടന ചടങ്ങ്. ഡെലിഗേറ്റ് പാസ്സ് വിതരണം ഇന്ന്  രാവിലെ ടാഗോർ തിയേറ്ററിൽ ആരംഭിക്കും. ചലച്ചിത്ര താരം ലിജോമോൾ ജോസ് ആദ്യ പാസ്സ്  ഏറ്റുവാങ്ങും. മീഡിയ സെന്റർ വൈകിട്ട് മൂന്നിന് മുൻ ചീഫ് സെക്രട്ടറി ഡോ. K ജയകുമാർ ഉദ്ഘാടനം ചെയ്യും. ഈ മാസം 19 വരെ മേളയിൽ 26 വിഭാഗങ്ങളിലായി 82 രാജ്യങ്ങളിലെ  206 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഈ വർഷം  വിധിനിർണ്ണയത്തിന് കർശന മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന്  മന്ത്രി V ശിവൻകുട്ടി പറഞ്ഞു. 2026 ജനുവരി 14 മുതൽ 18 വരെ തൃശ്ശൂരിലാണ് കലോത്സവം. ഏഷ്യയിലെ ഏറ്റവും വലിയ കൗമാര കലാമേള പൂർണ്ണമായും

പരാതിരഹിതമായി നടത്താൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഇത്തവണ കർശനമായ നടപടിയെടുത്തിട്ടുണ്ട്.

✪✪✪

ഈ വർഷത്തെ ഇടശ്ശേരി പുരസ്കാരം ഗിരീഷ് കളത്തിലിന്റെ 'ഒച്ചയും കാഴ്ചയും', ഡോ. ചന്ദ്രദാസന്റെ 'റിയലി സോറി, ഇതൊരു ഷേയ്ക്പിയർ നാടകമല്ല' എന്നീ കൃതികൾ അർഹമായി.

പുരസ്കാരം ഈ മാസം അവസാനം പൊന്നാനിയിൽ സമ്മാനിക്കും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : അനിൽ ചന്ദ്രൻ*
*NRTs: രജിന കെ*
*DEO : സി കെ സുബോധ്*